## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2194 07.07.2015-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീമതി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | എ) | പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിനായി കൂടുതലായി പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളുടെ സമഗ്ര വികസനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിലെ പിന്നോക്ക മേഖലകളിലെ തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ/ഗ്രാമങ്ങളിൽ പ്രോജക്ട് അധിഷ്ഠിത രീതിയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2008-ലെ പട്ടികവർഗ്ഗ സർവ്വേ റിപ്പോർട്ടിന്റെ വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 14 പ്രദേശങ്ങളിലെ (ബ്ലോക്ക്/പഞ്ചായത്ത്) സങ്കേതങ്ങളെ തിരഞ്ഞെടുത്തു. പരപ്പ ബ്ലോക്ക് (കാസർഗോഡ്), ഇരിട്ടി ബ്ലോക്ക് (കണ്ണൂർ), പനമരം ഗ്രാമപഞ്ചായത്ത് (വയനാട്), തിരുനെല്ലി ഗ്രാമപഞ്ചായത്ത് (വയനാട്), പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് (വയനാട്), നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (വയനാട്) നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം), ചിറ്റൂർ താലൂക്ക് (പാലക്കാട്), |

| | | | |
|---|---|---|---|
| | | | ചാലക്കുടി ബ്ലോക്ക് (തൃശ്ശൂർ), ദേവികുളം ബ്ലോക്ക് (ഇടുക്കി), അട്ടപ്പാടി ബ്ലോക്ക് (പാലക്കാട്), മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് (വയനാട്), മേപ്പാടി ഗ്രാമപഞ്ചായത്ത് (വയനാട്), കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) എന്നിവയാണ് 2014-15 വർഷത്തിൽ തിരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങൾ .<br>കൂടാതെ 2015-16 വർഷത്തിൽ കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ നാല് ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 30 പട്ടികവർഗ്ഗ സങ്കേതങ്ങളെക്കൂടി ഉൾപ്പെടുത്തി സമഗ്ര വികസന പദ്ധതി നടപ്പിലാക്കൽ പ്രാരംഭഘട്ടത്തിലാണ്.<br>വികസനത്തിന്റെ ആവശ്യകത അനുസരിച്ച് കൂടുതൽ ഗ്രാമങ്ങളെ/സങ്കേതങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സാംസ്കാരിക തനിമയിൽ ഇടപെടാതെയുള്ള സമഗ്ര വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |
| ബി) | പട്ടികവർഗ്ഗ കേന്ദ്രങ്ങളെ മാതൃകാ വികസന ഗ്രാമങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) | റോഡ് നിർമ്മാണം/ടാറിംഗ്/ മണ്ണിടൽ, നടപ്പാത നിർമ്മാണം, കുടിവെള്ളപദ്ധതി, കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം, ജീവനോപാധി, ഭവന നിർമ്മാണം/ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം, സ്വയംതൊഴിൽ സംരംഭങ്ങൾ, സ്കിൽ ഡെവലപ്മെന്റ്, സൗരോർജ്ജ വിളക്കുകൾ/ വഴിവിളക്കുകൾ സ്ഥാപിക്കൽ, വൈദ്യുതീകരണം, കാർഷിക മേഖല വികസനം (ഇഞ്ചി, കുരുമുളക് കൃഷി) മണ്ണ് സംരക്ഷണം, പമ്പ് ഹൗസ് നിർമ്മാണം/ പുനരുദ്ധാരണം, സാസ്കാരിക നിലയ നിർമ്മാണം, സൗരോർജ്ജ വേലി സ്ഥാപിക്കൽ, കുടിവെള്ള |

| | | | |
|---|---|---|---|
| | | | സ്രോതസ്സ് പുനരുദ്ധാരണം, തടയണ നിർമ്മാണം (ചെക്ക് ഡാം), അംഗൻവാടി നിർമ്മാണം, ഏകാദ്ധ്യാപക വിദ്യാലയം പുനരുദ്ധാരണം, ആരോഗ്യ പരിപാലനം, പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കൽ, മൃഗസംരക്ഷണം, പോഷകാഹാരം നല്കൽ, കിടങ്ങ് നിർമ്മാണം, ശുചീകരണ പ്രവൃത്തികൾ, സാമൂഹിക വികസനം, വനിതാ ശാക്തീകരണം തുടങ്ങിയ കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | സി) | പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. വകുപ്പിന്റെ കീഴിൽ നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.<br><br>2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പാക്കുന്നു. സ്ഥലം എം.എൽ.എ ചെയർമാനായും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറായും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് പദ്ധതി നടത്തിവരുന്നത്.<br>ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്.<br>ഈ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന തുക പ്രസ്തുത മേഖലയിൽ തന്നെ പൂർണ്ണമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്.<br>പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ